# പതിന്നാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 111 03.12.2018 ൽ മറുപടിക്ക്**

**പ്രളയക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. പി. ജെ. ജോസഫ്<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

എ) പ്രളയക്കെടുതിയിൽ തകർന്ന പൊതുമരാമത്ത് റോഡുകളുടെ ദൈർഘ്യം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

എ) കണക്കാക്കിയിട്ടുണ്ട്.
പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനു കീഴിൽ ഏകദേശം **20145** കി. മീ ദേശീയപാത വിഭാഗത്തിൻ കീഴിൽ **580.51** കി. മീ, കെ. ആർ. എഫ്. ബിയുടെ കീഴിൽ വരുന്ന ശംഖുമുഖം ബീച്ച് റോഡിലെ ഏകദേശം **300** മീറ്ററും റോഡുകൾക്ക് കേടുപാടുകൾ സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്. കൂടാതെ **57.58** കി. മീ കെ.എസ്.ടി.പി റോഡുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

ബി) ഇപ്രകാരം തകർന്ന റോഡുകളുടെ പുനർനിർമ്മാണം ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ;

ബി) **G.O(Rt) No. 1309/2018/PWD dtd 21.08.2018** പ്രകാരം പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർ നിർമ്മാണത്തിന് **1000** കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഇപ്രകാരം തകർന്ന പൊതുമരാമത്ത് വകുപ്പിന്റെ വിവിധ റോഡുകളുടെ പുനർ നിർമ്മാണം ചുവടെ വിവരിക്കും പ്രകാരം പുരോഗമിച്ച് വരികയാണ്.

(i) പൊതുമരാമത്ത് നിരത്തു വിഭാഗം അടിയന്തരമായി നടപ്പാക്കേണ്ട അറ്റകുറ്റപ്പണി നടപ്പാക്കിവരുന്നു. ദുരന്തനിവാരണ ഫണ്ട് ഉപയോഗിച്ച് മണ്ണിടിച്ചിൽ മാറ്റി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. തകർന്ന പാലങ്ങൾക്കു പകരം താല്ക്കാലിക പാലങ്ങൾ നിർമ്മിച്ചു. പുതിയ പാലങ്ങൾ നിർമ്മിക്കാനുള്ള പ്രവൃത്തി ഉടനെ

ആരംഭിക്കുന്നതാണ്. പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട **347** കോടി രൂപയുടെ **171** പ്രവൃത്തികൾ ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(ii) ദേശീയപാത വിഭാഗത്തിൽ കേരളത്തിലെ വിവിധ ദേശീയപാതകളിലായി പ്രളയവുമായി ബന്ധപ്പെട്ട് **911.75** കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത നഷ്ടങ്ങളുടെ പരിഹാരത്തിനായി വാർഷിക പദ്ധതി (Annual Plan) 2018-19 ൽ ഉൾപ്പെടുത്തി **206.85** കോടി രൂപയുടെ വിഹിതം നീക്കി വച്ചിട്ടുള്ളതും, ആന്വൽ റിന്യൂവൽ പ്രോഗ്രാം (Annual Renewal Programme) 2018-19ൽ ഉൾപ്പെടുത്തി **74.50** കോടി രൂപയുടെ വിഹിതവും സംസ്ഥാനത്തിന് നീക്കി വച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള **630.40** കോടി രൂപയുടെ പ്രവൃത്തികൾക്കായി വാർഷിക പദ്ധതി 2018-19 ഘട്ടം രണ്ടിൽ ഉൾപ്പെടുത്തി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ ആന്വൽ റിന്യൂവൽ പ്രോഗ്രാം 2019-20 ന്റെ കേരളത്തിന്റെ വിഹിതമായി **178** കോടി രൂപ നീക്കി വച്ചിട്ടുള്ളതായി കേന്ദ്ര മന്ത്രാലയം അറിയിച്ചതനുസരിച്ച് വാർഷിക പദ്ധതി ഘട്ടം രണ്ടിൽ നൽകിയ പ്രവൃത്തികളിൽ നിന്നും **178** കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(iii) കെ.ആർ.എഫ്.ബി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(iv) <u>കെ.എസ്.ടി.പി</u>

ഇരിട്ടി - നെടുംപൊയിൽ റോഡ് മെയിന്റനൻസ് കാലാവധിയിലായതിനാൽ കരാറുകാരൻ അറ്റകുറ്റപ്പണി നടത്തി റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

തലശ്ശേരി - വളവുപാറ റോഡ് പുനരുദ്ധാരണ പ്രവൃത്തി നടന്നു വരുന്നതിനാൽ സംരക്ഷണ ഭിത്തി നിർമ്മാണം അതേ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനു നടപടി സ്വീകരിച്ചു.

ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെയും

തിരുവല്ല മാവേലിക്കര റോഡിന്റെയും പുനരുദ്ധാരണം പുരോഗമിക്കുന്നു. ബാക്കി രണ്ടു പണികൾക്കും ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

സി) തകർന്ന റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

സി) തകർന്ന റോഡുകൾ എല്ലാം തന്നെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ